# ഓണപതിപ്പിനെ പ്രണയിക്കുന്ന വിദേശമലയാളി

**ചുനക്കര ജനാർദ്ദനൻനായർ**

ഓണമെന്നും മലയാളിയുടെ മനസ്സിൽ മാധുര്യത്തിന്റെ മാരിവില്ല് വിരിയിക്കുന്ന കാലമാണ്. പ്രകൃതി മാത്രമല്ല മനുഷ്യരും അണിഞ്ഞൊരുങ്ങി നടക്കുന്ന കാലം. ഇൻഡ്യയിൽ ദുർഗ്ഗപൂജ, ദീപാവലി, ഹോളി തുടങ്ങിയ ധാരാളം ദേശീയോത്സവങ്ങളുണ്ട്. ഇവയിലൊന്നുമില്ലാത്ത സംസ്കാരസമ്പന്നത മലയാളത്തിൽ കാണുന്നത് ഇവിടുത്തെ പ്രമുഖ മാധ്യമങ്ങളിറക്കുന്ന ഇന്നത്തെ ജീവിതത്തിന്റെ സൗരഭ്യം വഹിച്ചുകൊണ്ടുവരുന്ന ഓണപതിപ്പുകളാണ്. ഓണപ്പതിപ്പുകൾക്കായി കാത്തിരിക്കുന്ന വായനക്കാരും ഓണപതിപ്പില്ലാത്ത ഓണം ഇലയില്ലാത്ത ഓണംപോലെയെന്ന് പറയുന്ന ബുദ്ധിജീവികളുമുണ്ട് പുസ്തകങ്ങളെപോലെ ഒണപതിപ്പുകൾ തലമുറകളായി സൂക്ഷിച്ചുവെയ്ക്കാവുന്ന ജീവിതത്തിലെ വലിയൊരു സമ്പത്താണ്. ഓണമുണ്ണാൻ ലഭിക്കുന്ന മധുര വിഭവങ്ങൾപപോലെയാണ് ഓണപതിപ്പിലെ വിഭവങ്ങൾ. കേരളത്തിലെ പ്രമുഖരാണ് അതിൽ എഴുതുന്നതെന്ന പ്രത്യേകത ഇതിനുണ്ട്.

എല്ലാ വർഷവും ഓണപതിപ്പ് വാങ്ങാനായി മാത്രം വരുന്ന ഒരു ലണ്ടൻകാരനുണ്ട്. അത് മറ്റാരുമല്ല സാഹിത്യം, ശാസ്ത്രം, കായിക രംഗങ്ങളിൽ ധാരാളം സംഭാവനകൾ നല്കിയിട്ടുള്ള കാരൂർ സോമൻ ചാരുംമൂടാണ്. എല്ലാ വർഷങ്ങളിലും ധാരാളം ഓണപതിപ്പുകളിൽ എഴുതുന്ന ഏക വിദേശമലയാളിയാണ്. ഈ വർഷവും കേരള കൗമുദി, ദീപിക, വീക്ഷണം, ജന്മഭൂമി, ജനയുഗം തുടങ്ങിയ ഓണപ്പതിപ്പുകളിൽ സാഹിത്യ സൃഷ്ടികൾ ഉണ്ടെന്നാണറിഞ്ഞത്. എല്ലാ വർഷവും പല ഓണാഘോഷവേദികളിൽ ഞങ്ങൾ കാണാറുണ്ട്. ഈ പ്രാവശ്യം ആളിനെ കാണാതെവന്നപ്പോൾ ഒന്ന് തിരക്കി. അപ്പോഴാണറിഞ്ഞത് ന്യൂഡൽഹിയിലെ മീഡിയഹൗസ് പുറത്തിറക്കിയ ഇംഗ്ലീഷ് നോവൽ മലബാർ അഫ്ളെയിം (MALABAR AFLAME) ന്റെ പ്രകാശനവുമായി ജൂൺ മാസം കേരളത്തിലണ്ടായിരുന്നു. മാത്രവുമല്ല സെപ്റ്റംബറിൽ യാത്രാവിവരണവുമായി ബന്ധപ്പെട്ട് ഇറ്റലിയിലേക്കുള്ള യാത്രയുണ്ട്. അക്കൂട്ടത്തിൽ എടുത്തുപറഞ്ഞ ഒരു കാര്യം വിദേശമലയാളികളും സംഘടനകളും പൂക്കളമിട്ടുതന്നെ ആവണിമാസത്തെ സൗന്ദര്യപൊലിമയോട് ആഘോഷിക്കാറുണ്ട്. മുൻകാലങ്ങളിൽ ഓണത്തിന് മദ്യപാനികളുടെ എണ്ണം കുറവായിരുന്നുവെങ്കിൽ ഇന്നതിന് ഗണ്യമായ ഒരു വർദ്ധനവുണ്ട് എന്ന് കരുതി വിദേശ മലയാളികൾ മുഴുക്കുടിയന്മാരോ ഭാര്യമാരെ തല്ലുന്നവരോ അല്ല. അങ്ങനെ സംഭവിച്ചാൽ അകത്താകും. രാഷ്ട്രീയം വിലപ്പോവില്ല. . വിദേശ രാജ്യങ്ങളിൽ ഓണം ഓരാഘോഷമാണ്. ഓണത്തിന്റെ കഥകൾ ചരിത്രത്തെക്കാൾ ഏതീഹ്യങ്ങൾ കൊണ്ടുള്ളതാണ്. കേരളം ഭരിച്ചിരുന്ന ചേരമാൻപെരുമാൾ

മക്കയിലേക്ക് പോയത് പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണ നാളിലായതിനാൽ അതിന്റെ ആദരസൂചകമായി ഓണംകൊണ്ടാടുന്നു എന്ന് ഒരു കൂട്ടർ. വാമന പ്രതിഷ്ഠയുള്ള തൃക്കാക്കര ക്ഷേത്രത്തിലെ ഉത്സവമാണ് കേരളത്തിൽ കൊണ്ടാടുന്ന ഓണമെന്ന് മറ്റൊരു കൂട്ടർ. മനുഷ്യർക്ക് ജാതിമത ചിന്തകളില്ലാതെ ഐശ്വര്യവും ശാന്തിയും സമ്പത്തും നല്കി സത്യത്തിലും ധർമ്മത്തിലുമുറച്ച് മഹാബലി എന്നൊരു രാജാവ് നാട് ഭരിച്ചിരുന്നതായി നല്ലൊരു കൂട്ടർ. എനിക്കും അങ്ങനെ വിശ്വസിക്കാനാണ് താൽപര്യം. ആർഭാടമില്ലാത്ത വർ, ആർഭാടത്തിൽ കഴിയുന്നവർ, കൈക്കൂലിക്കാർ, ഭരണത്തിലുള്ളവർ മഹാബലിയെ കണ്ടു പഠിക്കണം. പഠിക്കാതെ പോയാൽ കാലം നമ്മെ തോല്പ്പിക്കും. ഈ വരികൾ സത്യവും ധർമ്മവുമില്ലാത്തവർക്കായി സമർപ്പിക്കുന്നു.

**‘മാവേലി നാടുവാണിടും കാലം**
**മനുഷ്യരെല്ലാരുമൊന്നുപോലെ**
**ആമോദത്തോടെ വസിക്കും കാലം**
**ആപത്തങ്ങാർക്കുമൊട്ടില്ലതാനും’.**